# പുതുപൊന്നാനി മുനമ്പത്ത് ബീവി ജാറം

**അമീർ ഒതുക്കുങ്ങൽ**

കേരളത്തിലെ മക്ക എന്നറിയപ്പെടുന്ന പൊന്നാനിക്ക് എക്കാലഘട്ടത്തിലും ഒരു ആത്മീയതയുടെ പരിവേഷം ചാർത്തപ്പെട്ടിട്ടുണ്ട്. സൈനുദ്ദീൻ മഖ്ദൂം, വെളിയങ്കോട് ഉമർ ഖാളി തുടങ്ങിയ പ്രശസ്തരൊക്കെ പിറന്നു വീണത് ഈ മണ്ണിലായത്കൊണ്ടായിരിക്കണം, പിന്നീട് പലവട്ടം ആത്മീയ പരിവേഷം ചാർത്തപ്പെട്ട കള്ള നാണയങ്ങൾ പലതും തമ്പടിച്ചതും പുതുപൊന്നാനിയിലാണ്. കേരള മുസ്‌ലിംകളുടെ നിർഭാഗ്യം കൊണ്ടോ കേരള മുസ്‌ലിയാക്കളുടെ ഭാഗ്യം കൊണ്ടോ എന്തോ...... 25 വർഷം മുമ്പ് ഒരു അജ്ഞാത ശവം വന്നടിഞ്ഞതും പുതുപൊന്നാനി കടപ്പുറത്താണ്. ആ ശവത്തിന്റെ നാടോ പേരോ ജാതിയോ മതമോ ഒന്നും ഇന്ന് വരെയുള്ള ചരിത്രത്തിൽ ലഭ്യമല്ല. ഒന്നു മാത്രമറിയാം. അതൊരു സ്ത്രീയുടെ ശവമായിരുന്നു. എങ്ങനെയാണ് ആ ശവം കടലിൽ വന്നത്? കടലിലേക്ക് ചാടി ആത്മഹത്യ ചെയ്തതാണോ? അതോ ആരെങ്കിലും തല്ലിക്കൊന്ന് കടലിലെറിഞ്ഞതാണോ? അതുമല്ലെങ്കിൽ കടൽ ക്ഷോഭം മൂലം മരണപ്പെട്ടതാണോ? അറിയില്ല. പുതു പൊന്നാനി മുനമ്പത്ത് കടൽ തീരത്ത് അടിഞ്ഞ ഈ ശവം ഇരുപത്തിയൊന്ന് ദിവസം കരയിൽ കിടന്ന് ചീഞ്ഞളിഞ്ഞു. പുഴുക്കളും കീടങ്ങളും ആ ശവത്തിൽ കൂടു കെട്ടി. ഇരുപത്തിര ാം ദിവസം വയനാട്ടുകാരായ ആരോ ആ ശവം കുഴിച്ച് മൂടി.

ഇവിടെ കഥ അവസാനിക്കുകയല്ല. തുടങ്ങുകയാണ്. ഊരും പേരും അറിയാതെ ഇരുപത്തിയൊന്ന് ദിവസം കിടന്ന് ചീഞ്ഞളിഞ്ഞ് അവസാനം നാറ്റം സഹിക്കവയ്യാതെ ആരോ കുഴിച്ച് മൂടിയ ആ ശവകുടീരം ഇന്ന് സമസ്തക്കാരുടെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിൽ ഒന്നാണ്. ഇന്നവർ അതിന് ഇമ്പമുള്ള ഒരു പേരും നൽകിയിട്ടു ്. അതാണ് ''വലിയ്യത്തല്ലാഹി പുതുപൊന്നാനി മുനമ്പത്ത് ബീവി ഫാത്തിമത്ത് സുഹ്റ(റ)''

എന്നാൽ ആദ്യകാലത്ത് ഈ ശവത്തിനോട് 'സുന്നി' കൾക്കുണ്ടായിരുന്ന നിലപാട് എന്തായിരുന്നു എന്നത് 1990 ജൂലൈ മാസത്തിലെ സുന്നിവേദിയിൽ നിന്ന് വായിക്കുന്നത് നന്നായിരിക്കും.

''മമ്പുറം, നാഗൂർ പോലെ ഒരു കഴിഞ്ഞ സമാനിൽ ഉള്ള മഖ്ബറയല്ല മുനമ്പത്ത് ബീവിജാറം, ഈ സമാനിൽ തന്നെയാണ് അതിന്റെ തുടക്കം, ഈ ബീവി ഒരു മഹതിയാണ് എന്നതിന് അടിസ്ഥാനപരമായി ഒരു തെളിവും ഇല്ല. രണ്ട് ജഡമാണ് അന്ന് കടലിൽ നന്ന് കിട്ടിയത്, അതിൽ പുരുഷന്റേത് പോസ്റ്റ്മോർട്ടം നടത്തി മറമാടി. സ്ത്രീയുടെ ജഡത്തിന്റെ അടുത്തേക്ക് പോലും അടുക്കാൻ കഴിഞ്ഞിരുന്നില്ല. അങ്ങനെ മലപ്പുറം ജില്ലയിലെ കൂട്ടിലങ്ങാടി അടുത്തുള്ള പ്രദേശത്തെ ഭിക്ഷ എടുത്തിരുന്ന വൃദ്ധരാണ് ഖബർ പോലും എടുക്കാതെ അത് കുഴിച്ചുമൂടിയത്'' *(സുന്നി വേദി 1990 ജൂലൈ 19–26)*

എന്നാൽ വർഷം കുറച്ചുകഴിഞ്ഞ് 2004 ഏപ്രിൽ മാസത്തിലെ പൂങ്കാവനം മാസിക നാം വായിക്കുമ്പോൾ മുനമ്പത്ത് ബീവിയോടുള്ള 'സുന്നി'കളുടെ നിലപാട് ആകെ മാറി. കഥയിൽ ചെറിയ മാറ്റം വന്നു. ചേരുവയായി കറാമത്തിന്റെ അകമ്പടി വന്നു. ഈ ജഡം കുഴിച്ചിട്ടത് കൂട്ടിലങ്ങാടിയിലെ ഭിക്ഷക്കാരായ വൃദ്ധരാണ് എന്ന് സുന്നി വേദി പറയുമ്പോൾ അത് ചെയ്തത് വയനാട്ടുകാരായ വൃദ്ധ ദമ്പതികളാണെന്ന് പൂങ്കാവനം പറയുന്നു. പൂങ്കാവനം പറയുന്നത് ഒരു അജ്ഞാത സ്ത്രീജഡം ഒഴുകി വന്നു എന്നാണെങ്കിൽ ര ് ജഡമുണ്ടായിരുന്നു എന്നാണ് സുന്നി വേദി പറയുന്നത്. അതിൽ പുരുഷന്റെ ജഡം പോസ്റ്റ്മോർട്ടം ചെയ്ത് ഖബ്റടക്കിപോലും. ഏതായാലും ആ ശവം സമസ്തക്കാരന്റെ കസ്റ്റഡിയിൽ കിട്ടിയിട്ടില്ലെന്നുറപ്പ്. കിട്ടിയിരുന്നുവെങ്കിൽ അതിനും ജാറം കെട്ടി ''പുതുപൊന്നാനി മുനമ്പത്ത്

സയ്യിദ് അന്ത്രുപ്പാപ്പ'' എന്നോ ''സയ്യിദ് ആലിപ്പാപ്പ'' എന്നോ നാമകരണം ചെയ്ത് പേരിന് ശേഷം ബ്രാക്കറ്റിൽ ഒരു ''റ'' ചേർത്ത് അവിടെയും ഒരു തീർത്ഥാടനകേന്ദ്രമാക്കി മാറ്റിയേനെ ഈ ഖുറാഫി പുരോഹിതന്മാർ. ഈ അജ്ഞാത ശവത്തിന് എന്നുമുതലാണ് ഫാത്തിമത്തുസുഹ്റ എന്നപേരു വന്നത്? പേരിന് ശേഷം ബ്രാക്കറ്റിൽ എങ്ങനെയാണ് ഒരു 'റ' വന്നത്? ഇത് ഒരു വലിയ്യത്താണെന്ന് സമസ്തക്കാരനോട് ആരാണ് പറഞ്ഞത്? ഈ അജ്ഞാത ശവത്തിന്റെ ജീവചരിത്രവും ക്വാളിഫിക്കേഷനും സമസ്തക്കാരന് എവിടുന്ന് ലഭിച്ചു? ശവമാകുന്നതിന് മുമ്പ് ഈ സ്ത്രീയുടെ ജീവിതം എന്തായിരുന്നു? മുസ്ലിമായിരുന്നോ, അതോ നായരോ പട്ടരോ തിയ്യരോ പുലയത്തിയോ ക്രിസ്ത്യാനിയോ.........? ഇങ്ങനെ ചോദ്യങ്ങൾ നിരവധിയാണ്. ഇതിലൊന്നിനുപോലും സമസ്തക്കാരന് മറുപടി പറയാൻ സാധിക്കില്ല. കാരണം, ഇവരെ സംബന്ധിച്ച് ശവമാകുന്നതിന് മുമ്പ് എങ്ങനെയെന്നത് പ്രശ്നമല്ല. ശവമായതിന് ശേഷം അത് എങ്ങനെ മുതലാക്കാം എന്നതാണ് ഇവരുടെ ഗവേഷണത്തിന് തീം.

ആദ്യകാലത്തൊക്കെ ഈ ശവത്തെ സമസ്തക്കാർ എതിർത്തിരുന്നുവെങ്കിലും പിന്നീട് അവിടെയുള്ള വരുമാനത്തിന്റെ വർദ്ധനവ് ശ്രദ്ധയിൽപെട്ട സമസ്തക്കാർ തന്ത്രപൂർവ്വം കളംമാറ്റിച്ചവിട്ടി. പിന്നീട് ഈ ശവത്തെപറ്റി എഴുതുമ്പോഴെല്ലാം ഭക്തിയോടുകൂടി മാത്രമേ ഇവർ എഴുതാറുള്ളൂ. അതിന്റെ പേരിൽ പ്രചരിപ്പിക്കുന്ന നിറം പിടിപ്പിച്ച കള്ളക്കറാമത്തുകഥകളുടെ സൃഷ്ടിപ്പിലും പ്രചരണത്തിലും സമസ്തക്കാരന്റെ പ്രസിദ്ധീകരണങ്ങൾ ആവോളം പങ്കുവഹിച്ചിട്ടുണ്ട്. ആശയറ്റവർക്ക് ആശാകേന്ദ്രവും, ആലംബഹീനർക്ക് അവലംബവുമാണ് മുനമ്പത്ത് ബീവിജാറം എന്ന് എ.പി. 'സുന്നി'കളുടെ മാസികയായ പൂങ്കാവനം തന്നെ പറയുന്നു. *(പൂങ്കാവനം 2004 ഏപ്രിൽ)* ഇത് ഒരു അജ്ഞാത ജഡമാണെന്നും ഇതിനെക്കുറിച്ച് ആർക്കും ഒന്നും അറിയില്ലെന്നും സുന്നിവേദി പറഞ്ഞത് നാം മുകളിൽ വായിച്ചു. ഒരു അജ്ഞാത ശവത്തിന് മേൽവിലാസമുണ്ടാക്കാനും പിന്നീട് അത് വൻ വ്യവസായ കേന്ദ്രമാക്കാനും സമസ്തക്കാർക്കുള്ള കഴിവ് കണ്ടാൽ ഇബ്ലീസുപോലും നാണിച്ചുപോകും.

ഇത്പോലെയുള്ള പേരറിയുന്നതും അറിയാത്തതുമായ എല്ലാ ശവകുടീരങ്ങൾക്കും പ്രോത്സാഹനം നൽകാൻ ക്വുബൂരിമുഫ്തിയായ പൊന്മള അബ്ദുൽ ഖാദർ മുസ്ലിയാർ ക്വബ്ർ സിയാറത്ത് തെറ്റും ശരിയും എന്ന പേരിൽ ഈയിടെ ഒരു കാസറ്റ് ഇറക്കുകയുണ്ടായി. ഈകാസറ്റിലും മുനമ്പത്ത് ബീവിജാറം പരാമർശ വിധേയമാകുന്നുണ്ട്. ''ഇത് ഊരും പേരും അറിയാത്ത ഒരു ജഡമല്ലേ?, ഇങ്ങോട്ട് സിയാറത്തിന് പോകാൻ പാടുണ്ടോ''? എന്ന ചോദ്യത്തിന് ഇയാൾ പറയുന്ന മറുപടി രസാവഹമാണ്. ''അവിടെ സ്വാലിഹീങ്ങളായ നിരവധി ആളുകൾ സിയാറത്തിന് വരുന്നുണ്ടെന്നും സ്വാലിഹീങ്ങൾ നല്ലതായിക്കാണുന്ന ഒരുകാര്യം അല്ലാഹുവിന്റെയടുക്കൽ സ്വീകരിക്കപ്പെടുമെന്നുമുള്ള ഞൊണ്ടി ന്യായമാണ് പൊന്മളക്കാരൻ ഇതിന് നൽകിയ ഗുഡ് സർട്ടിഫിക്കറ്റ്.

ഇക്കണക്കിന് നോക്കിയാൽ ഇയാളെപ്പോലെയുള്ള കുറച്ച് സ്വാലിഹീങ്ങൾ (?) ക്ക് നാളെ ഒരു വ്യഭിചാരകേന്ദ്രം നല്ലതായി തോന്നുകയും അവിടെ പത്ത് തലേകെട്ടുകാർ സന്ദർശിക്കുകയും ചെയ്താൽ അതും അല്ലാഹു സ്വീകരിക്കുമെന്നാണോ ഈ ശവകുടീരകാവലാളിന്റെ ആധുനിക ഫത്വയുടെ പൊരുൾ?

എന്തൊക്കെയായാലും ശിയാക്കൾ അവരുടെ ഇമാമുമാർക്കും മറ്റും മാത്രമേ ജാറം കെട്ടാറുള്ളൂ എന്നാണ് ഈ ലേഖകന്റെ അറിവ്. പക്ഷെ, സമസ്തക്കാരന് ഇമാം തന്നെ വേണം, അല്ലെങ്കിൽ ഒരു മുത്തഖി തന്നെ വേണമെന്നുള്ള അഹങ്കാരമോ പിടിവാശിയോ ഇല്ല. അക്കാര്യത്തിൽ വിശാലമായ ഹൃദയത്തിന്റെ ഉടമകളാണ് അവർ. ഏതെങ്കിലും ഒരു ശവം മതി അവർക്ക്. അഡ്രസ്സില്ലാത്ത ശവമാണെങ്കിൽ ഏറ്റവും ഉചിതമായി. പിന്നീട് അവകാശികളാരെങ്കിലും വരുമെന്ന ഭയം വേണ്ടല്ലോ..........അതിന്റെ ഒന്നാമത്തെ ഉദാഹരണമാണ് പുതുപൊന്നാനി ജാറം. ഈ ശവകുടീര വ്യവസായികളുടെ നീരാളിപ്പിടുത്തത്തിൽനിന്നും കേരള മുസ്ലിംകളെ അല്ലാഹു കാത്തുരക്ഷിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.